**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5331** **21-07-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ ഏർപ്പെടുത്തുന്നതിനും യാത്രാ സൗകര്യം ഒരുക്കുന്നതിനും കടബാധ്യതകൾ എഴുതിത്തള്ളുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ദേശീയ ആരോഗ്യ ദൗത്യം മുഖേന സൗജന്യ ചികിൽസയും യാത്രയും ഏർപ്പെടുത്തിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ഇതിനായി കേരളത്തിലും കർണ്ണാടകയിലും 17 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എല്ലാ മരുന്നുകളും സൗജന്യമായി നൽകുന്നു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്നോ പുറത്ത് നിന്നോ സംഭരിച്ച് ദുരിതബാധിതർക്ക് വിതരണം ചെയ്യുന്നു.<br><br>ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ CHC/PHC കളിൽ കിടപ്പിലായ എൻഡോസൾഫാൻ രോഗികൾക്ക് മുൻ നിശ്ചയിക്കപ്പെട്ട തീയതികളിൽ മൊബൈൽ മെഡിക്കൽ ടീം സന്ദർശനം നടത്തി രോഗികളെ പരിശോധിച്ച് സൗജന്യ ചികിത്സയും മരുന്നും നൽകി വരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റ് കിടപ്പിലായ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഗാർഹിക പരിചരണത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ , സ്റ്റാഫ് നഴ്സ്, ഫീൽഡ് ഓഫീസർ എന്നിവർ അടങ്ങുന്ന ടീമാണ് വൈദ്യസഹായം നൽകി വരുന്നത്. കിടപ്പിലായ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള മരുന്നുകൾ വാതിൽപ്പടിയിൽ എത്തിച്ച് നൽകുന്നു.<br><br>എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഫിസിയോതെറാപ്പി സേവനം ആവശ്യമുള്ള എൻഡോസൾഫാൻ ദുരിത ബാധിതർക്ക് |

| | | | |
|---|---|---|---|
| | | | CHC/PHC കളിൽ നിയോഗിക്കപ്പെട്ട ഫിസിയോതെറാപ്പിസ്റ്റ് രോഗികളുടെ വീട്ടുകളിൽ എത്തി സേവനം ലഭ്യമാക്കി വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾക്ക് ഗാർഹിക വൈദ്യസഹായം നൽകുന്നതിനായി 11 പഞ്ചായത്തുകളിലും ഓരോ സ്റ്റാഫ് നഴ്സിനെ വീതം നിയമിച്ചിട്ടുണ്ട്.<br><br>എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിലെ 11 പഞ്ചായത്തുകളിലെയും ആരോഗ്യ സ്ഥാപനങ്ങളിൽ ഓരോ വാഹനങ്ങളും ദേശീയ ആരോഗ്യ ദൗത്യം വഴി ഏർപ്പാട് ചെയ്തിട്ടുണ്ട്. കിടപ്പിലായ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിൽ 2 ആംബുലൻസുകൾ കാസറഗോഡ് ജനറൽ ആശുപത്രിയിലും പനത്തടി താലൂക്ക് ആശുപത്രിയിലും ദേശീയ ആരോഗ്യ ദൗത്യം വഴി അനുവദിച്ചിട്ടുണ്ട്.<br><br>എൻഡോസൾഫാൻ ദുരിതബാധിതരുടെ 2011 ജൂൺ മാസം 30 വരെ എടുത്തിട്ടുള്ള വായ്പകൾ പുതുക്കിയിട്ടുണ്ടെങ്കിൽ ആയത് 10.01.2014 ലെ സ.ഉ.(കൈ) നം. 298/2014/ആകുവ ഉത്തരവ് പ്രകാരം കടാശ്വാസപദ്ധതിയ്ക്കായി പരിഗണിയ്ക്കുന്നുണ്ട്. ഇതനുസരിച്ച് 1720 ദുരിതബാധിതരുടെ 2153 അപേക്ഷകളിലായി 6,82,70,833/- രൂപയുടെ കടബാദ്ധ്യതകൾ എഴുതിതള്ളിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ